# കൊച്ചി സർവകലാശാല അധ്യാപക അസോസിയേഷൻ വാർഷിക റിപ്പോർട്ട്

കൊച്ചി സർവകലാശാല അധ്യാപക അസോസിയേഷന്റെ 2022 ജൂലൈ 23 ന ചേർന്ന വാർഷിക സമ്മേളനം പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു . പ്രസിഡന്റ് ഡോ. അജിത, വൈസ് പ്രസിഡന്റ് ഡോ. സുനോജ് , സെക്രട്ടറി ഡോ. ആൽഡ്രിൻ , ജോയിന്റ് സെക്രട്ടറി അരുൺ ബാലകൃഷ്ണൻ , ട്രെഷറർ ഡോ. ജയേഷ് പുതുമന, ഓഡിറ്റർ പി.ആർ. സുരേഷ് എന്നിവരും , 13 എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങളും അടങ്ങിയതാണ് പുതിയ ഭാരവാഹികൾ.

2023 ഏപ്രിൽ 27 ന് ചേർന്ന വാർഷിക പൊതുയോഗം 2023 വർഷത്തെ വാർഷിക റിപ്പോർട്ട് അംഗീകരിച്ചു. സ്തുത്യർഹ സേവനാനന്തരം സർവ്വീസിനിൽ നിന്നും വിരമിക്കുന്ന ബഹുമാനപ്പെട്ട വൈസ് ചാൻസിലർ ഡോ.കെ.എൻ.മധുസൂദനൻ, ഡോ.കെ.ഗിരീഷ് കുമാർ, ഡോ.പി.വി.മോഹനൻ, ഡോ.ജോണി ഐസക്, ഡോ.സുനിൽ കെ. നാരായണൻകുട്ടി, ഡോ.എൻ.ബാലകൃഷ്ണ എന്നിവർക്ക് ഏപ്രിൽ 27, രാവിലെ 11.00 മണിക്ക് യാത്രയയപ്പുസമ്മേളനം നടത്തി.

26 ഏപ്രിൽ 2023 വരയുള്ള വരവ് ചെലവ് കണക്കു പ്രകാരം ആകെ യുള്ള നീക്കിയിരിപ്പ് തുക രണ്ടു ലക്ഷത്തിനാല്പത്തി മൂവ്വായിരത്തി ഇരുനൂറ്റി നാല്പത്തെട്ടു രൂപ അറുപത്തി ഒന്ന് പൈസ (Rs. 243248.61 ) ആകുന്നു. 27 ഏപ്രിൽ 2023 ന കൂടിയ വാർഷിക പൊതുയോഗം വരവ് ചെലവ് കണക്കുകൾ അംഗീകരിച്ചിരുന്നു.

2023 - 24 വർഷത്തെ വാർഷിക റിപ്പോർട്ട് അംഗങ്ങൾക്ക് മുൻപാകെ സമർപ്പിക്കുന്നു.
2023-24 കാലയളവിൽ ആകെ 160 അംഗങ്ങൾ ഉണ്ടായിരുന്നു. ഇപ്പൊൾ 2024-25 വർഷം 158 അംഗങ്ങൾ ആണ് സംഘടനയിൽ ഉള്ളത്. കഴിഞ്ഞ വര്ഷം 8 പേർ സംഘടനയിൽ പുതുതായി ചേർന്നു.

വിദ്യാഭ്യാസ രംഗത്തെ കാവി വൽക്കരണത്തിനു എതിരെ “Save Education Save Campus, Save Nation” എന്ന മുദ്രാവാക്യത്തിനു ഊന്നൽ നൽകി AIFUCTO 13 സെപ്റ്റംബർ 2023 ഡൽഹിയിൽ സങ്കടിപ്പിച്ച പ്രതിഷേധത്തിൽ CUTA യെ പ്രതിനിധികരിച്ചു സെക്രട്ടറി ഡോ. ആൾഡ്രിൻ ആന്റണിയും, ബേബി ചക്രപാണിയും പങ്കെടുത്തു.

30 നവംബർ 2023 ന് ഉന്നതവിദ്യാഭ്യാസം വർത്തമാനകാല വെല്ലുവിളികളും അതിജീവനവും എന്ന വിഷയത്തിൽ കേരള സർവകലാശാല കാര്യവട്ടം ക്യാമ്പസ് ഇ.എം.എസ്. ഹാളിൽ അക്കാദമിക സെമിനാർ നടന്നു. CUTAയെ പ്രതിനിധീകരിച്ച് ഷൈജു പി, അരുൺ എ ബാലകൃഷ്ണൻ, അജയകുമാർ പി, സന്തോഷ് കുമാർ പി കെ, ബേബി പി കെ, ബേബി ചക്രപാണി എന്നിവർ പങ്കെടുത്തു.

2023 ഡിസംബർ 5 ചൊവ്വാഴ്ച ഉച്ചക്ക് 3 മണിക്ക് മുൻ ധനകാര്യ മന്ത്രി ഡോ. തോമസ് ഐസക് ജനുവരിയിൽ പത്തനംതിട്ട യിൽ വെച്ച് നടക്കുന്ന പ്രവാസി കോൺക്ലാവിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട്, അക്കാദമിക സമൂഹത്തിന്റെ അഭിപ്രായങ്ങൾ ആരായാനായി കേരളത്തിലെ എല്ലാ വാഴ്സിറ്റി ക്യാമ്പസ്സുകളിലും സന്ദർശിക്കുന്നതിന്റെ ഭാഗമായി കുസാറ്റിൽ ശാസ്ത്ര സമൂഹ കേന്ദ്രത്തിൽ വരികയും അക്കാദമിക സമൂഹവുമായി ആശയങ്ങൾ പങ്കുവെക്കുകയും ചെയ്തു. നമ്മുടെ യൂണിവേഴ്സിറ്റി ഡിപ്പാർട്ടുമെന്റുകളിൽ നിന്ന് പഠിച്ചു പോയി, ഉന്നത വിദ്യാഭ്യാസ രംഗത്ത് ജോലി ചെയ്യുന്ന പ്രവാസികളെ ഇതിന്റെ ഭാഗമായി, ഓൺലൈൻ ആയോ, ഓഫ്‌ലൈൻ ആയോ, ജനുവരിയിൽ ഈ സംഗമത്തിൽ രജിസ്റ്റർ ചെയ്യിപ്പിച്ചു അവരുടെ ആശയങ്ങൾ കൂടി, കേൾക്കുക എന്ന ഉദ്ദേശത്തോട് കൂടിയാണ് ഈ പരിപാടി സംഘടിപ്പിച്ചത്.

2023 ഡിസംബർ 8 ന് മുഖ്യമന്ത്രി നയിക്കുന്ന നവകേരള സദസ്സ് കളമശ്ശേരിയിൽ വന്നപ്പോൾ CUTA അംഗങ്ങൾ പങ്കെടുത്തു. അഭിവാദ്യങ്ങൾ അർപിച്ചു കൊണ്ട് ക്യാമ്പസിൽ ബോർഡുകൾ വെക്കുകയും തലേന്ന് നടത്തിയ പ്രശ്നോത്തരി എംപ്ലോയീസ് അസോസിയേഷനുമായി സഹകരിച്ച് നടത്താനും സംഘടനക്ക് കഴിഞ്ഞു. CUTA അദ്ധ്യാപകരുടെ DA ആവശ്യങ്ങൾ അടക്കം മൂന്നു പരാതികൾ നവകേരള സദസിൽ രജിസ്റ്റർ ചെയ്തു.

18 ഡിസംബർ 2023 നു ചാൻസലർ സർവ്വകലാശാലകളെ കലാപ കേന്ദ്രങ്ങൾ ആക്കരുത് എന്ന മുദ്രാവാക്യത്തിൽ ബാഡ്ജ് ധരിച്ച കരിദിനം ആചരിച്ചു.കാലിക്കറ്റ് വൈസ്ചാൻസലറെ ചാൻസലർ അധിക്ഷേപിച്ചതിനെതിരെ പ്രതിഷേധിച്ചു.

ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിക്കെതിരായ ഗവർണറുടെ നീക്കത്തിനെതിരെ , പ്രതീകാത്മകമായി സർവകലാശാല അധ്യാപക സംഘടന CUTA യും അനധ്യാപക സംഘടന CUEA യും സംയുക്തമായി ഒരു പ്രതിഷേധ യോഗം അഡ്മിനിസ്ട്രേറ്റീവ് ഓഫീസിന് മുൻപിൽ 19 ഫെബ്രുവരി 2024 ഒന്നരക്ക് സംഘടിപ്പിച്ചു. FUTA സംസ്ഥാന പ്രസിഡന്റ് ബേബി ചക്രപാണി ഉദ്ഘാടനം ചെയ്തു. CUTA സെക്രട്ടറി ഡോ. അൽഡ്രിൻ ആന്റണി , CUEA പ്രസിഡന്റ് സിനേഷ് എ എസ്, സെക്രട്ടറി പദ്മകുമാർ പി കെ എന്നിവർ സംസാരിച്ചു.

കൊച്ചി ശാസ്ത്ര സാങ്കതിക സർവ്വകലാശാല വിശിഷ്ട അധ്യാപക അവാർഡ് 23 ഫെബ്രുവരി 2024ന് CUTA അധ്യാപകരായ ഡോ. സജി കെ. ജെ., ഡോ. ദേവി സൗമ്യജ എന്നിവർക്ക് ലഭിച്ചു. ആ ചടങ്ങിൽ CUTA അംഗവും CSiS ഡയറക്ടറും ആയ ഡോ. ഷൈജു പി. സ്ടീം എക്കോസിസ്റ്റത്തിന്റെ ആദ്യ മൊഡ്യൂളിന്റെ പകർപ്പ് കൈമാറി. CUTA യിലെ അധ്യാപകരുടെ സേവനങ്ങൾക്ക് സംഘടനയുടെ നന്ദി അറിയിക്കുന്നതിനൊപ്പം അവരുടെ നേട്ടങ്ങളിൽ അഭിനന്ദിക്കുന്നു.

കൊച്ചിൻ യൂണിവേഴ്സിറ്റി ടീച്ചേഴ്സ് അസോസിയേഷൻ യാത്രയയപ്പ് സമ്മേളനം സർവകലാശാല സെമിനാർ കോംപ്ലക്സിൽ സംഘടന വൈസ് പ്രസിഡന്റ് എസ്. എം. സുനോജിന്റെ അദ്ധ്യക്ഷതയിൽ ഏപ്രിൽ 18നു 02.00 മണിക്ക് ചേർന്നു. സർവീസിൽ നിന്ന് വിരമിക്കുന്ന അസോസിയേഷൻ അംഗങ്ങളായ ജഗതി രാജ് വി . പി., ടൈറ്റസ് കെ. മാത്യു, ബേബി ചക്രപാണി, എം. ഭാസി, കെ. അജിത, ആർ. സജീവ് എന്നിവർക്ക് ആശംസകൾ അർപ്പിച്ചു.

കൊച്ചിൻ യൂണിവേഴ്സിറ്റി എംപ്ലോയീസ് വെൽഫെയർ ഫണ്ട് എക്സിക്യൂട്ടീവ് കമ്മിറ്റിയിലേക്ക് ഡോ. എസ്. ശ്രീജിത്ത്, സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ് നാമ നിർദേശം ചെയ്തു. ഡോ. എസ്. ശ്രീജിത്ത് ട്രഷറർ ആയി തിരഞ്ഞെടുക്കപ്പെട്ടു.

കൊച്ചി ശാസ്ത്ര സാങ്കതിക സർവകലാശാല സ്റ്റാഫ് കൗൺസിൽ ഇലക്ഷന് ഡോ. ഷീന എം. എ., ഹിന്ദി വകുപ്പ് സ്ഥാനാർത്ഥിയായി CUTA നാമനിർദേശം ചെയ്യുകയും ഏകകണ്ഠമായി ജയിക്കുകയും ചെയ്തു.

കൊച്ചിൻ യൂണിവേഴ്സിറ്റി എംപ്ലോയീസ് സഹകരണ സംഘം തിരഞ്ഞെടുപ്പിലേക്ക് ഡോ. പി. ആർ. സുരേഷ്, ഡോ. സംഗീത കെ. പ്രതാപ് എന്നിവരെ CUTA നിർദേശിക്കുകയും അവർ നാമ നിർദേശപത്രിക സമർപ്പിക്കുകയും ചെയ്തു. എല്ലാ CUTA അംഗങ്ങളുടെയും സഹകരണം കൂടി ഈ അവസരത്തിൽ അഭ്യർത്ഥിക്കുന്നു. സഹകരണ ജനാധിപത്യ മുന്നണി സ്ഥാനാർത്ഥികളെ വിജയിപ്പിക്കണം എന്ന് കൂടി ഈ അവസരത്തിൽ ഓർമിപ്പിക്കുന്നു.

നമ്മുടെ അവകാശങ്ങൾ നേടിയെടുക്കാൻ സംഘടന നിരന്തരം വകുപ്പ് മന്ത്രിമാർക്കും മുഖമന്ത്രിക്കും സമർപ്പിക്കുകയുണ്ടായി. FUTA യുമായി ചേർന്നുള്ള നമ്മുടെ നിരന്തര പരിശ്രമ ഫലമായി അധ്യാപകരുടെ DA 17% നിന്നും 31% ആയി ഉയർത്താനും സാധിച്ചു. ഇനി കിട്ടാനുള്ള അർഹമായ DA കൂടി നമുക്ക് നേടി എടുക്കേണ്ടതായുണ്ട്.

യുജിസി കാലാ കാലങ്ങളിൽ ഇറക്കുന്ന റഗുലേഷൻ അമ്മെൻഡ്മെന്റുകൾ CUTA യുടെ അവസരോചിതമായ ഇടപെടൽ മൂലം സർവകലാശാലയിൽ നടപ്പിലാക്കാൻ സാധിച്ചു.

അസോസിയേഷൻ മെമ്പറും സംഘടനയുടെ മുൻ സെക്രട്ടറിയുമായ ഡോ. ശിവാനന്ദൻ ആചാരി കൊച്ചി ശാസ്ത്ര സാങ്കേതിക സർവലാശാല രജിസ്ട്രാർ ആയി ഏപ്രിൽ 30, 2024 ചുമതലയേറ്റു. CUTA അംഗങ്ങൾ ആയ ഡോ. സാം തോമസ് IQAC ഡയറക്ടർ ആയും ഡോ. ബിന്ദു എ. കെ. സ്റ്റുഡന്റസ് യൂണിയൻ അഡ്വൈസർ ആയും, ഡോ. സജീവൻ ടി. പി. KIIFB കോഓർഡിനേറ്റർ ആയും ചുമതല ഏറ്റെടുത്തു.

CUSAT അധ്യാപകർക്ക് അനുവദിച്ചിട്ടുള്ള ജിമെയിൽ സ്റ്റോറേജ് 15GB യാക്കിയ നടപടി CUTA യുടെ അടിയന്തര ഇടപെടൽ കൊണ്ട് 30GB ആക്കി മാറ്റാൻ നമുക്ക് സാധിച്ചു.

ഈ സാമ്പത്തിക വർഷത്തെ FUTA വരിസംഖ്യ അറുപതിനായിരം രൂപ (Rs. 60000/-) 29 നവംബർ 2023 ന് FUTA യുടെ അക്കൗണ്ടിലേക്ക് അടച്ചിട്ടുണ്ട്.

യൂണിവേഴ്സിറ്റിയിൽ നിലവിൽ പ്രൊജക്ട് നടപ്പിലാക്കാനുള്ള മാർഗനിർദേശങ്ങൾ പഠിച്ചതിനു ശേഷം, നടത്തിപ്പ് എളുപ്പമാക്കുന്നതിനുള്ള മാർഗനിർദേശത്തിന്റെ ഒരു കരട് രൂപം ഡോ. ജയേഷിന്റെന് നേതൃത്വത്തിൽ തയ്യാറാക്കി സർവകലാശാലയ്ക്കു നൽകി.

മാർക്ക് എൻട്രിയിൽ തെറ്റുപറ്റിയാൽ 10000 രൂപ അദ്ധ്യാപകർ/HOD പിഴ ഒടുക്കണം എന്ന ഉത്തരവ് ഉടനടി പിൻവലിക്കണം എന്ന് വൈസ് ചാൻസലറെ കണ്ടു ആവശ്യപ്പെട്ടു. തീരുമാനം പുനഃപരിശോധിക്കണമെന്ന് വൈസ് ചാൻസലർ ഉറപ്പു നൽകുകയും ചെയ്തു. എന്നാൽ നാളിതുവരെ ആ തീരുമാനം പിൻവലിക്കാൻ സർവകലാശാല തയ്യാറായിട്ടില്ല എന്നും അറിയിക്കുന്നു. എത്രയും വേഗം ഈ വിഷയത്തിൽ ഒരു തീരുമാനം എടുക്കണം എന്ന് അഭ്യർത്ഥിക്കുന്നു.

അവിവാഹിതരായ അധ്യാപകർക്ക് ക്വാർട്ടേഴ്സ് അനുവദിക്കുന്നതിലെ നിയമ പ്രശ്നങ്ങൾ പരിഹരിക്കണം എന്ന് കാണിച്ചു സെക്രട്ടറി സർവകലാശാല അധികാരികൾക്ക് നൽകിയ നിവേദനത്തിന് മറുപടി ലഭിക്കുക ഉണ്ടായില്ല. ഈ വിഷയം വീണ്ടും വരുന്ന സെനറ്റ് യോഗത്തിൽ ഉന്നയിച്ചിട്ടുണ്ട്.

2023 അക്കാദമിക വർഷത്തെ അഡ്മിഷൻ നടപ്പിലാക്കിയതിലുള്ള പാളിച്ചകൾ, അഡ്മിനിസ്ട്രേഷനെ CUTA സെക്രട്ടറി അറിയിച്ചു. അതിന്റെ പാകപ്പിഴകൾ അടുത്ത അദ്ധ്യയന വർഷം ഒഴിവാക്കാൻ ശ്രദ്ധിക്കാം എന്ന് സംഘടന പ്രതിനിധികൾക്ക് അധികാരികൾ ഉറപ്പ് നൽകി. ഈ വർഷത്തെ കുറവുകൾ കൂടി കണക്കിലെടുത്തു അഡ്മിഷൻ നടത്തുന്ന കാര്യത്തിൽ അടുത്ത വര്ഷം വലിയമാറ്റങ്ങൾ വേണമെന്ന് CUTA ആവശ്യപ്പെട്ടിട്ടുണ്ട്.

സർവകലാശാല ആർട്സ് ഫെസ്റ്റിവൽ സർഗം 2024 , യൂണിവേഴ്സിറ്റി അധികൃതരുടെ ആവശ്യപ്രകാരം CUTA അദ്ധാപകർ പൂർണ്ണ സഹകരണം നൽകുകയും അതിന്റെ ഫലമായി വളരെ നല്ല രീതിയിൽ അത് നടത്തുകയും ഉണ്ടായി. ഇതിൽ ഭാഗഭാക്കായി എല്ലാ CUTA അദ്ധ്യാപകര്ക്കും നന്ദി അറിയിക്കുന്നു.

CUTA അംഗങ്ങളുടെ സർവീസ് പ്രശ്നങ്ങളിൽ സഹായിക്കാൻ കഴിഞ്ഞ വർഷത്തിൽ ഞങ്ങൾ ആവും വിധം ശ്രമിച്ചിട്ടുണ്ട്. ചില പ്രശ്നങ്ങളിൽ ഇപ്പോഴും പരിഹരിക്കാൻ ശ്രമിച്ചു കൊണ്ടിരിക്കുന്നു. കഴിഞ്ഞ കാലയളവിൽ സംഘടനാ ഭാരവാഹികൾക്ക് നൽകിയ സഹകരണങ്ങൾക്കു ഞങ്ങൾ നന്ദി പറയുന്നു.